# മന്നംസമാധി - ആത്മവിശ്വാസത്തിന്റെയും ഐക്യത്തിന്റെയും ആദ്ധ്യാത്മികകേന്ദ്രം

സമുദായാചാര്യൻ ശ്രീ മന്നത്തുപത്മനാഭൻ ഇഹലോക വാസം വെടിഞ്ഞത് 1970 ഫെബ്രുവരി 25 പകൽ 11.40-നാണ്. 93-ാമത്തെ വയസ്സിലായിരുന്നു അദ്ദേഹത്തിന്റെ വേർപാട്. ഭൗതികശരീരം, അദ്ദേഹം നേരത്തെ നിശ്ചയിച്ചിരുന്നപ്രകാരം, എൻ.എസ്.എസ്. ആസ്ഥാനത്ത് പ്രത്യേകം തയ്യാറാക്കപ്പെട്ട ചന്ദനച്ചിതയിൽ ജനസഹസ്രങ്ങളുടെ സാന്നിദ്ധ്യത്തിൽ എരിഞ്ഞടങ്ങുകയായിരുന്നു. അത് ഇന്നും ഒരു ചരിത്രസംഭവമായി അവശേഷിക്കുന്നു. ആ ചിതയുടെ സ്ഥാനത്ത് മന്നംസമാധിമണ്ഡപം ഉയർന്നതും, അതോടൊപ്പം ചുറ്റമ്പലം, മ്യൂസിയം, ആർട്ട് ഗ്യാലറി എന്നീ സമുച്ചയങ്ങൾ ഉണ്ടായതും എല്ലാം, ആ ചരിത്രപുരുഷന്റെ ദീർഘദർശനത്തിന്റെ ഫലമാണെന്നു വിശ്വസിക്കേണ്ടിയിരിക്കുന്നു. ഈ അന്ത്യവിശ്രമസങ്കേതത്തിന് ക്ഷേത്രമാതൃകയിൽ, പടിപടിയായുണ്ടായ മാറ്റങ്ങൾ അതു തെളിയിക്കുന്നുമുണ്ട്. ക്ഷേത്രതുല്യമായ മന്നംസമാധി, നായർസമുദായത്തെ സംബന്ധിച്ചിടത്തോളം ആത്മവിശ്വാസത്തിന്റെയും ഐക്യത്തിന്റെയും ആദ്ധ്യാത്മികകേന്ദ്രമാണ്.

ഇന്ന് നായർ സർവീസ് സൊസൈറ്റിയുടെ ഏതൊരു സംരംഭത്തിനും തുടക്കം കുറിക്കുന്ന കേന്ദ്രബിന്ദുവാണ് ഈ സങ്കേതം. ജീവിച്ചിരുന്ന മന്നത്തുപത്മനാഭൻ, സമുദായത്തെയും സർവീസ് സൊസൈറ്റിയെയും എങ്ങനെ നയിച്ചിരുന്നുവോ, അതിലും ശക്തമായ തരത്തിൽ പിൻഗാമികൾക്ക് സംഘടനയെയും സമുദായത്തെയും നയിക്കാനുള്ള പ്രചോദനം, അന്തരിച്ച മന്നത്തുപത്മനാഭൻ അന്ത്യവിശ്രമം കൊള്ളുന്ന ഈ പുണ്യസങ്കേതത്തിൽനിന്നും ലഭ്യമാകുന്നു എന്നതാണ് സത്യം.

കഴിഞ്ഞ 47 വർഷമായി, എല്ലാ ഫെബ്രുവരി 25-നും രാവിലെ 6 മണി മുതൽ 11.45 വരെ, ചരമദിനാചരണത്തിന്റെ ഭാഗമായി, ആ പുണ്യാത്മാവിന്റെ ആത്മീയചൈതന്യം നിറഞ്ഞുനിൽക്കുന്ന അന്ത്യവിശ്രമസങ്കേതത്തിൽ ഭക്തിഗാനാലാപനവും, പുഷ്പാർച്ചനയും, ഉപവാസവും, സമൂഹപ്രാർത്ഥനയും നടന്നുവരുന്നു. നായർ സർവീസ് സൊസൈറ്റിക്കു രൂപംനൽകിയ അവസരത്തിൽ അദ്ദേഹവും സഹപ്രവർത്തകരും ചേർന്നെടുത്ത പ്രതിജ്ഞ, ആചാര്യാനുസ്മരണയോടെ, പുതുക്കിയാണ് ചടങ്ങ് അവസാനിക്കാറുള്ളത്.

മന്നംസമാധിമണ്ഡപത്തിൽ നടക്കാറുള്ള ഭക്തിനിർഭരമായ ചടങ്ങിൽ പങ്കെടുക്കുവാൻ കഴിയാതെവരുന്ന സമുദായാംഗങ്ങൾ, എല്ലാ കരയോഗങ്ങളുടെയും താലൂക്ക് യൂണിയനുകളുടെയും ആഭിമുഖ്യത്തിൽ രാവിലെ 6 മണി മുതൽ 11.45 വരെ, ആ മഹാത്മാവിന്റെ ചിത്രത്തിനു മുമ്പിൽ നിലവിളക്ക് കൊളുത്തിയും, പുഷ്പാർച്ചന നടത്തിയും പ്രാർത്ഥനാനിരതരായി ഉപവസിച്ച് പ്രതിജ്ഞ പുതുക്കിവരുന്നു.

അല്ലാതുള്ള ദിവസങ്ങളിലും, കരയോഗങ്ങളിൽനിന്നും താലൂക്ക് യൂണിയനുകളിൽനിന്നും അല്ലാതെയും, അദ്ദേഹത്തിന്റെ ആരാധകരായി സംസ്ഥാനത്തിന്റെ അകത്തും പുറത്തുംനിന്നുമായി ദർശനത്തിനും, പുഷ്പം അർപ്പിക്കാനും, കാണിക്കയിടാനും, ആദരവ് പ്രകടിപ്പിക്കാനും നിരവധി പേർ ഇവിടെ എത്താറുണ്ട്. യഥാർത്ഥത്തിൽ സമാധിസ്ഥലത്തിന്റെ നിർമ്മിതിയുടെയും പരിപാലനത്തിന്റെയും കാര്യത്തിലും, ക്ഷേത്രതുല്യമായുള്ള ആചരണത്തിന്റെ കാര്യത്തിലും മന്നം സമാധിമണ്ഡപം മറ്റ് സമാധിസ്ഥലങ്ങളെക്കാൾ ഏറെ മഹത്തരമാണ്. കഴിഞ്ഞ 17 വർഷമായി, ഈ സമുദായക്ഷേത്രത്തിൽ സന്ധ്യവിളക്ക് തെളിയിക്കൽ നിത്യവും നടന്നുവരുന്നു.

ഈ ഫെബ്രുവരി 25-ന് മന്നംസമാധിയിൽ നടന്ന, 47-ാമത് ചരമവാർഷികദിനാചരണം, മുമ്പെന്നത്തേക്കാളും ഭക്തിനിർഭരവും ആവേശഭരിതവുമായിരുന്നു. സംസ്ഥാനതലത്തിൽ കരയോഗ - താലൂക്ക് യൂണിയൻ ആസ്ഥാനങ്ങളിൽ ചരമദിനാചരണം നടന്നുകൊണ്ടിരിക്കുമ്പോൾതന്നെ സമീപ താലൂക്ക് യൂണിയനുകളിൽനിന്നും, കരയോഗങ്ങളിൽനിന്നും ഒഴുകിയെത്തിയ സമുദായപ്രവർത്തകർ അക്ഷരാർത്ഥത്തിൽ പെരുന്നയെ ഒരു ജനസാഗരമാക്കി മാറ്റി. ദർശനത്തിനായി വന്നവരിൽ നിരവധിപേരും സമർപ്പണത്തിനായി അരി, നാളികേരം, ദ്രവ്യം, പുഷ്പം എന്നിവയുമായാണ് എത്തിയിരുന്നത്.

സമുദായത്തിന്റെയും സർവീസ് സൊസൈറ്റിയുടെയും സർവസ്വമാണ് യുഗപ്രഭാവനായ ശ്രീ മന്നത്തുപത്മനാഭൻ. ആ മഹാത്മാവ് ഭൗതികശരീരം വെടിഞ്ഞിട്ട് നാല്പത്തിയേഴുവർഷം കഴിഞ്ഞിരിക്കുന്നു. അദൃശ്യമെങ്കിലും, അദ്ദേഹത്തിന്റെ ആത്മാവ് ഇന്നും നമ്മെ നയിക്കുന്നു. ആത്മവിശ്വാസത്തിന്റെയും ഐക്യത്തിന്റെയും ആത്മീയകേന്ദ്രമായി, സമുദായചാര്യൻ ശ്രീ മന്നത്തുപത്മനാഭൻ അന്ത്യവിശ്രമംകൊള്ളുന്ന പുണ്യസങ്കേതമായ മന്നംസമാധി പരിലസിക്കുന്നു. നമ്മുടെ ഐക്യത്തിന്റെയും കെട്ടുറപ്പിന്റെയും എല്ലാം ഉറവിടം ഈ പുണ്യസങ്കേതമാണ്. അദ്ദേഹത്തിന്റെ ഓരോ ജന്മദിനവും നായർ സർവീസ് സൊസൈറ്റിയുടെ വളർച്ചയുടെ ഉയരങ്ങൾ അടയാളപ്പെടുത്തുന്നു. ഓരോ ചരമദിനവും അദ്ദേഹത്തോടുള്ള ആദരവും വിശ്വാസവും അരക്കിട്ടുറപ്പിക്കുന്നു. സംഘടനയുടെയും സമുദായത്തിന്റെയും ഐക്യവും അഖണ്ഡതയും വിളംബരം ചെയ്യുന്നു.